# മഴവിൽക്കടവ്




## ഗവ. ഹൈസ്കൂൾ തടിക്കടവ്

ലിറ്റിൽ കൈറ്റ്സ്

യൂണിറ്റ് നമ്പർ:13770

## എഡിറ്റോറിയൽ



ഇതൊരു വിപ്ലവമാണ്...

അക്ഷരംകൊണ്ടുള്ള വിപ്ലവം....

ആയുധം കയ്യിലെടുക്കൂ എന്ന് ഒരു ഘട്ടത്തിൽ നിലനിൽപ്പിനുവേണ്ടി ആഹ്വാനം ചെയ്തതുപോലെ...

'അക്ഷരങ്ങളെ കയ്യിലേന്തൂ വായനയെ പുണരൂ, വായന ലഹരിയാവട്ടെ' എന്ന് കൊച്ചുകൂ ട്ടുകാരോട് ആഹ്വാനം ചെയ്യുന്ന വിപ്ലവം.

നമ്മുടെ കാലം ഒരു പാട് മാറിയിരിക്കുന്നു...

ദിനം തോറും മാറിക്കൊണ്ടിരിക്കുന്നു...

ഈ ഓട്ടത്തിനിടയിൽ നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരുപാട് ഘടകങ്ങളുണ്ട്.

അതിൽ പ്രധാനപ്പെട്ട ഒന്നാണ് "വായന".

വായന നമ്മെ സംസ്കരിച്ചെടുക്കും എന്നത് ഒരു വാസ്തവമാണ്.

പുതുതലമുറയിൽ നിന്നും അന്യമായിക്കൊണ്ടിരിക്കുന്നതും അതാണ്.

അക്ഷരങ്ങളുടെ പെരുമഴക്കാലം കടന്ന് ഞങ്ങൾ യാത്ര തുടങ്ങുകയാണ്.

പ്രതീക്ഷയുടെ കടവുകൾ തേടിയുള്ള യാത്രയിൽ ഞങ്ങളുടെ സ്നേഹം സർഗക്കടവായി നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്

സ്നേഹത്തോടെ നിങ്ങളിതു സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

നൈന പുതിയവളപ്പിൽ ,
എച്ച്.എം.
ജി.എച്ച്.എസ്.തടിക്കടവ്

# എഡിറ്റോറിയൽ ബോർഡ്




നവോമി ലൂയിസ്



നൗഷിത. കെ. പി



ഫാത്തിമത്തുൽ റുഷ്ദ



മുഹമ്മദ് ഹഫീസ്



റയാൻ ജോസഫ് ജോജി



ആൽബിൻ വിനോദ്

## വിദ്യാലയത്തെക്കുറിച്ച്...

1954 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഏകാധ്യാപക വിദ്യാലയമായി പ്രവർത്തനമാരംഭിച്ചതാണ് നമ്മുടെ വിദ്യാലയം.

1980 ൽ യു.പി. സ്കൂളായും 2014 ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു.

അക്കാദമിക രംഗത്തും കലാ-കായിക രംഗത്തും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാലയം വിവിധതരം ക്ലബ്ബുകളുടെ പ്രവർത്തനത്തിലൂടെയും വിദ്യാർത്ഥികളുടെ കഴിവ് വികസിപ്പിക്കുന്നു.

വിവിധ കലാസാഹിത്യവേദികളിലൂടെ മികച്ചകലയുടെ ഉദ്യാനം രൂപപ്പെടുത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

മികച്ച പി.ടി.എ.ക്കുള്ള അവാർഡ് നേടിയ വിദ്യാലയത്തിന്റെ മുഴുവൻ പ്രവർത്തനങ്ങൾക്കും മികച്ച പിന്തുണയുമായി പി.ടി.എ. എന്നും ഒപ്പമുണ്ട്.

ഉയരങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന വിദ്യാലയം മലയോരഗ്രാമത്തിന്റെ നന്മയും ഭംഗിയും ഒപ്പിയെടുക്കുന്നു.

## സ്കൂളിന് ലഭിച്ച പുരസ്കാരങ്ങൾ

* ബെസ്റ്റ് പി.ടി.എ. അവാർഡ് 2016-17 വർഷം ഒന്നാം സ്ഥാനം

*ഹരിതവിദ്യാലയം പുരസ്കാരം 2017-18

*കെ.എം. മാത്യു ഫൗണ്ടേഷൻ സദ്ഭാവന പുരസ്കാരം 2018-19.
*സബ്ജില്ലാതല മികച്ച വിദ്യാരംഗം വിദ്യാലയം 9 തവണ തുടർച്ചയായി.

* പ്രാദേശിക ചരിത്രരചന ജില്ലാതലം ഒന്നാം സ്ഥാനം 2021-22.

* മലയാള മനോരമ നല്ല പാഠം ജില്ലാതലം ഒന്നാം സ്ഥാനം 2018

********************

# ഉള്ളടക്കം


1. കുറുക്കനും ചെന്നായയും

2. അന്നത്തിന്റെ വില

3. ഗോപ്പ 2.0

4 രാജാവിന്റെ സ്വപ്നം

5 അവകാശികൾ

6. അമ്മവൃക്ഷം

7. എന്റെ മഴ

8. ഗണിതക്കവിത

* നന്ദി.....

# എഡിറ്റോറിയൽ

ഇതൊരു വിപ്ലവമാണ്. അക്ഷരംകൊണ്ടുള്ള വിപ്ലവം.ആയുധം കയ്യിലെടുക്കൂ എന്ന് ഒരു ഘട്ടത്തിൽ നിലനിൽപ്പിനുവേണ്ടി ആഹ്വാനം ചെയ്തതുപോലെ 'അക്ഷരങ്ങളെ കയ്യിലേന്തു വായനയെ പുണരൂ, വായന ലഹരിയാവട്ടെ' എന്ന് കൊച്ചുകൂ ട്ടുകാരോട് ആഹ്വാനം ചെയ്യുന്ന വിപ്ലവം.

നമ്മുടെ കാലം ഒരു പാട് മാറിയിരിക്കുന്നു. ദിനംതോറും മാറിക്കൊണ്ടിരിക്കുന്നു. ഈ ഓട്ടത്തിനിടയിൽ നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരുപാട് ഘടകങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് വായന. വായന നമ്മെ സംസ്ക്കരിച്ചെടുക്കും എന്നത് ഒരു വാസ്തവമാണ്. പുതുതലമുറയിൽ നിന്നും അന്യമായിക്കൊണ്ടിരിക്കുന്നതും അതാണ്.

അക്ഷരങ്ങളുടെ പെരുമഴക്കാലം കടന്ന് ഞങ്ങൾ യാത്ര തുടങ്ങുകയാണ്. പ്രതീക്ഷയുടെ കടവുകൾ തേടിയുള്ള യാത്രയിൽ ഞങ്ങളുടെ സ്നേഹം സർഗക്കടവായി നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്. സ്നേഹത്തോടെ നിങ്ങളിതു സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

നൈന പുതിയവളപ്പിൽ,
( എച്ച്.എം,

&

ബേബിതറപ്പേൽ
പി.ടി.എപ്രസിഡന്റ്



# ആശംസ

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ്,പഠനത്തിലും ഐ.ടി രംഗത്തും അച്ചടക്കത്തിലും മികച്ചവരാണ്.ക്ലബ് അംഗങ്ങളുടെ കൂട്ടായ്മയിലൂടെ നിർമ്മിക്കപ്പെട്ട ഡിജിറ്റൽ മാഗസീൻ ഏറെ മികച്ചതാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച കൈറ്റ് മാസ്റ്റർ,മിസ്ട്രസ്, കൈറ്റ് അംഗങ്ങൾ മറ്റദ്ധ്യാപകർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു . ആശംസകളോടെ......

നൈന പുതിയവളപ്പിൽ ,
എച്ച്.എം.
ജി.എച്ച്.എസ്.തടിക്കടവ്



# ആശംസ

ജി.എച്ച്.എസ് തടിക്കടവ് സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ കൂട്ടായ്മയിലൂടെ നിർമ്മിക്കപ്പെട്ട ഡിജിറ്റൽ മാഗസിൻ ഏറെ മികച്ചതാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച കൈറ്റ് മാസ്റ്റർ,മിസ്ട്രസ്, കൈറ്റ് അംഗങ്ങൾ, മറ്റദ്ധ്യാപകർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

ആശംസകളോടെ.....

ബേബിതറപ്പേൽ

പി.ടി.എപ്രസിഡന്റ്
ജി.എച്ച്.എസ്.തടിക്കടവ്

# 1.കുറുക്കനും ചെന്നായയും

കഥ

മുഹമ്മദ് ഹഫീസ്

ഒരു കാട്ടിൽ ഒരു കുറുക്കൻ ഉണ്ടായിരുന്നു.ഒരിക്കൽ ഒരു മീൻവണ്ടി വരുമ്പോൾ ആ കറുക്കൻ ചത്തതുപോലെ കിടന്നു. രോമം വിറ്റ് കാശാക്കാമെന്ന് കരുതി അയാൾ ആ കുറുക്കന്റെ വാൽ പിടിച്ച് അതിനെ ആ വണ്ടിയിലിട്ടു .

പിന്നീടയാൾ യാത്ര തുടർന്നു. ആ കുറുക്കൻ അതിലെ എല്ലാ മൽസ്യങ്ങളെയും തിന്നുതീർത്ത് പുറത്തേക്കു ചാടി.ഒരു ചെന്നായ അതു കാണുകയും എന്താണതിനുള്ളിൽ താൻ ചെയ്തതെന്ന് കുറുക്കനോട് ചോദിച്ചുക്കുകയും ചെയ്തു.കുറുക്കൻ താൻ എങ്ങനെയാണ് തന്റെ തന്ത്രം സഫലമാക്കിയതെന്നു പറഞ്ഞുകൊടുത്തു. ചെന്നായയും ഓടിപ്പോയി ആ വണ്ടിക്കാരന്റെ മുന്നിൽ ചത്തതു പോലെ കിടന്നു.

ആ വണ്ടിക്കാരൻ അതിനെ വിൽക്കാമെന്നു കരുതി.ആ ചെന്നായക്ക് നല്ല ഭാരമായിരുന്നു. അതുകൊണ്ട് അയാൾ അതിനെ പിടിച്ച് ചാക്കിലിടുകയും ചെയ്തു.ചാക്കിലിട്ടതുകൊണ്ട് അതിന് രക്ഷപ്പെടാൻ കഴിഞ്ഞില്ല.

***************************

# 2.അന്നത്തിന്റെ വില

കഥ

നൗഷിദ.കെ.പി



"അമ്മൂ എഴുന്നേൽക്ക് മോളെ.." സമയം ഏഴായി കണ്ണുകൾ തിരുമ്മികൊണ്ട് ഉണർന്നു . ഇന്ന് നിനിക്ക് കഞ്ഞുവിന്റെ പിറന്നാളാ നിനക്ക് പോകണ്ടെ?

ആ അമ്മേ ഞാൻ വരുന്നു.... വേഗം കുളിക്ക് ചായ തയ്യാറാക്കിയിട്ടുണ്ട് വേഗം വന്ന് ചായ കുടിക്ക് .ങ്ഹീ..ങ്ഹീ..,ഉം നന്ദുവും ഉണർന്നു.ഇവിടെ ഇന്ന് പ്രശ്നം തന്നെ ആയിരിക്കും..അമ്മേ അമ്മൂ എവിടെ ?

അവൾ കുഞ്ഞുവിന്റെ പിറന്നാളിന് പോവ്വാണ്.. ഞാനും പോകും വേണ്ട നീ പോകണ്ട നമ്മുക്ക് ഇവിടെ ഇരിക്കാം, അമ്മു നീ പോയ്യോ... അമ്മു വഴിയരികിലൂടെ നടന്നു...

(വഴിയരികിലെ ഒരു അമ്മൂമ്മ) മോളെ എന്തെങ്കിലും താ മോളെ,വിശക്കുന്നു...

അയ്യോ എന്റെ കൈയിൽ ഒന്നുമില്ല അവൾ നടന്നു നീങ്ങി.

"ഹാപ്പി ബേർഡേ റ്റൂ യൂ....."

"ഹാപ്പി ബേർഡേ റ്റൂ യൂ......

"ഹാപ്പി ബേർഡേ റ്റൂ യൂ...കുഞ്ഞു".

എല്ലാവരും കേക്ക് കഴിച്ചു.കുഞ്ഞുവിന് സമ്മാനവും നൽകി. അമ്മുവിന് കുഞ്ഞു കേക്ക് നൽകി.

'ഇത് നന്ദുവിന് കൊടുക്കണം'.., അമ്മു പെട്ടിയും പിടിച്ച് നടന്നു അവൾ നടന്നുനിങ്ങികൊണ്ടിരിക്കുമ്പോൾ ആ അമ്മൂമ്മ "മോളെ എന്തെങ്കിലും താ മോളെ വിശക്കുന്നു...." അമ്മു ഒരു സെക്കന്റ് അവിടെ നിന്നു.

കൈയില്ലുള്ള കേക്ക് അവൾ ആ അമ്മൂമ്മയ്ക്ക് നൽകി. അമ്മു വഴിയരികിലൂടെ നടന്നു നീങ്ങി.അവൾ വീട്ടിലെത്തി നന്ദു ഓടിവന്നു.എവിടെ കേക്ക് എവിടെ? അമ്മുവിന്റെ അമ്മ ചോദിച്ചു കേക്ക് എവിടെ?

അത്... അത് ഞാൻ വിശന്നു വലഞ്ഞ ഒരു അമ്മുമ്മയ്ക്ക് നൽകി.

ങീ..ങീ.. ഞാൻ നിന്നോട് മിണ്ടില്ല.

മോളെ നിനക്ക് ഞാനൊരു ഫുൾകേക്ക് വാങ്ങി തരാം,.. നീ ചെയ്തത് ഒരു നല്ല കാര്യം അല്ലെ....

അമ്മു തലയുയർത്തി നടന്നു....

***************************************

# 3.ഗോപ്പു 2.0

അനുഭവ കഥ — നേഹ മഞ്ജിത്ത്



ഗോപ്പൂ......അവൻ വിളി കേട്ടു. "എന്താ അച്ഛാ".., നീ എവിടെയാ ഉള്ളത്?, നിനക്കൊന്നും പഠിക്കാനില്ലേ?..

അച്ഛന്റെ ചോദ്യത്തിന് അവന് മറുപടിയൊന്നും പറഞ്ഞില്ല. അവൻഭയങ്കര തിരക്കിലാണ്. എന്തോ കാര്യമായി ഉണ്ടാക്കുന്ന തിരക്കിലാണ്. ഇതിനിടെ അവനെ ശല്യം ചെയ്യുന്നത് അവന് ഇഷ്ടമല്ല. "അഞ്ച് മിനുട്ട് പോലും വായിക്കാതെ എപ്പോഴും എന്തെങ്കിലുമൊക്കെയുണ്ടാക്കി നേരം കളഞ്ഞോളും.

അച്ഛൻ പിറുപിറുക്കുന്നത് അവന് കേട്ടു. ഇത് കേട്ട അവന് വളരെ സംങ്കടമായി.

'താൻ വായിക്കാതിരുന്നിട്ടില്ലല്ലോ, രാവിലെ വായിച്ചിട്ടല്ലേ ഈ പണി തുടങ്ങിയത്. എത്ര വായിച്ചാലും അഞ്ച് മിനുട്ട് '.ഇങ്ങനെയോര് ഇരുത്ത്... അവന് സംങ്കടം അണപൊട്ടി.

"ഗോപ്പൂ !..." പിന്നെയും വിളി . ഇത്തവണ അമ്മയുടെതാണ്.

എന്താണാവോ അമ്മയുടെ കാര്യം; എന്തെങ്കിലും പണിയുണ്ടാവും അവിടെ.'ഇങ്ങനെ ചിന്തിച്ചുകൊണ്ടവൻ അടുക്കളയിലേക്ക് നടന്നു."

എന്താ അമ്മേ?..",

വേണം,

അതൊക്കെ എവിടെനിന്ന് കിട്ടും.

അതും അവൻ ചേട്ടനോട് പറഞ്ഞു. ചേട്ടൻ പറഞ്ഞു,

" അതൊക്കെ നമുക്ക് ശരിയാക്കാം.

"ശനിയാഴ്ച ചേട്ടൻ വരുമ്പോഴുണ്ട് ഒരു പെട്ടി കൂടെ.അച്ഛൻ കാണാതെ അവർ അത് മുകളിലെത്തിച്ചു. അന്ന് തന്നെ പണിയും തുടങ്ങി. ശനിയും ഞായറും മാത്രമാണ് പണി.

ബാക്കിയുള്ള ദിവസം വിശ്രമവും.

ഒരു മാസം കൊണ്ട് അവർ അതിന്റെ പണിപൂർത്തിയാക്കി.

നല്ലൊരു പേര് ഗോപു നേരത്തെ കണ്ടു വച്ചിരുന്നു,

"ഗോപു 2.0"....

റോബോട്ടിന്റെ ട്രയലും നോക്കി.

റോബോട്ട് വമ്പൻ വിജയം.

അച്ഛനും അമ്മയ്ക്കും അത് കണ്ട് അത്ഭുതമായി.

അവർ തന്റെ രണ്ട് മക്കളെയും ഓർത്ത് അഭിമാനിച്ചു. ഗോപുവിന്റെ ഒരാഗ്രഹം നടന്നുകിട്ടി.

അമ്മ പറയുന്ന ജോലികൾ അതിനെക്കൊണ്ടെടുപ്പിക്കൽ..!

പക്ഷെ ഇപ്പോഴും വായിക്കുന്നത് അവൻ തന്നെയാണ്....!

********************************************

# 4.രാജാവിന്റെ സ്വപ്നം.

കഥ ഡയാന ഡെൻസൻ

വിജയനഗര സാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്നു കൃഷ്ണദേവരായർ .

ഒരു ദിവസം രാത്രിയിൽ രാജാവ് വിചിത്രമായ ഒരു സ്വപ്നം കണ്ടു. അന്തരീക്ഷത്തിൽ ഉയർന്നു നിൽക്കുന്ന സ്ഫടികം കൊണ്ടുള്ള ഒരു കൊട്ടാരം.

കൊട്ടാരത്തിൽപതിപ്പിച്ചിരുന്ന തിളക്കമുള്ള കല്ലുകളും അതിലെ പ്രകാശവും. സൗകര്യങ്ങളുമെല്ലാം രാജാവിനെ വല്ലാതെ ആകർഷിച്ചു.

ഉറങ്ങി എണീറ്റിട്ടും താൻ സ്വപ്നത്തിൽ കണ്ട ആ കൊട്ടാരത്തിനെ മറക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അടുത്ത ദിവസം സഭയിലെത്തിയ രാജാവ് ഉദാസീനനായി ഇരുന്നു.

ഇതു കണ്ട സഭാവാസികൾ രാജാവിനോട് കാര്യം എന്താണെന്ന് തിരക്കി . രാജാവ് താൻ സ്വപ്നത്തിൽ കണ്ട കൊട്ടാരത്തെക്കുറിച്ച് സഭാവാസികളോട് പറഞ്ഞു.

അന്തരീക്ഷത്തിൽ നിൽക്കുന്ന ആഅത്ഭുത കൊട്ടാരത്തെക്കുറിച്ചു കേട്ടതും അവർ ആശ്ചര്യപ്പെട്ടു.

അപ്പോഴാണ് രാജാവ് സഭയിലുള്ളവരോടായി ഇപ്രകാരം പറഞ്ഞത്: –

"ഞാൻ സ്വപ്നം കണ്ടതുപോലെ അന്തരീക്ഷത്തിൽ നിൽക്കുന്ന കൊട്ടാരം പണിയാൻ ഒരു ശിൽപിയെ നിങ്ങൾഎത്രയും വേഗം കണ്ടെത്തുക.

അങ്ങനെ ശിൽപിയെ കണ്ടെത്തുന്നവർക്ക് ആയിരം സ്വർണ്ണനാണയം സമ്മാനമായി നൽകുന്നതാണ്.

" ആജ്ഞ കേട്ട സഭാവാസികൾ ഞെട്ടി...

"അന്തരീക്ഷത്തിത് നിൽക്കുന്ന കൊട്ടാരം പണിയുന്ന ഒരു ശിൽപിയോ?

അങ്ങനെ ഒരാളെ നമ്മൾ എവിടേന്ന് കണ്ടെത്താനാണ്.? "അവർ പരസ്പരം ചോദിച്ചു.

എന്നാൽ അവർക്ക് രാജാവിനോട് തങ്ങൾക്ക് സാധിക്കില്ല

എന്ന് പറയാൻ പേടിയായി.

"ഈ രാജ്യം മുഴുവൻ എന്റെയാണ്. പിന്നെ എനിക്ക് തന്റെ സ്വത്ത് മോഷ്ടിക്കേണ്ട ആവശ്യമില്ല".

എന്ന് രാജാവ് മറുപടി നൽകി.

"അപ്പോൾ, എന്റെ സ്വപ്നത്തിൽ താങ്കൾ കുറച്ച ഭടന്മാരെ കൂട്ടി എന്റെ സമ്പത്ത് മുഴുവൻ മോഷ്ടിച്ചു എന്നാണ് ഞാൻ കണ്ടതെന്ന് ആ വൃദ്ധൻ പറഞ്ഞു.

അപ്പോൾ "സ്വപ്നത്തിൽ കാണുന്നതൊന്നും ജീവിതമല്ല" എന്ന് രാജാവ് മറുപടി നൽകി.

വൃദ്ധൻ "രാജാവിനുവേണ്ടി സ്വപ്നത്തിൽ കണ്ട കൊട്ടാരം നിർമ്മിക്കാമെങ്കിൽ എനിക്കും സ്വപ്നത്തിൽ കണ്ട എന്റെ സമ്പത്ത് മോഷ്ടിച്ച കള്ളനായ രാജാവിനെ ശിക്ഷിക്കാൻ സാധിക്കില്ലേ" എന്ന് ചോദിച്ചു.

അപ്പോൾ രാജാവിന് തന്റെ തെറ്റ് തിരിച്ചറിയുകയും പിന്നീട്, കൊട്ടാരം നിർമ്മിക്കാനുള്ള പദ്ധതി ഒഴിവാക്കുകയും ചെയ്തു.

പിന്നീട്, തെന്നാലി രാമൻ വേഷംമാറി രാജാവിനോട് ക്ഷമ ചോദിച്ചു.

അപ്പോൾ, എന്റെ ഭാഗത്താണ് തെറ്റെന്നു രാജാവ് പറയുകയും....

" സ്വപ്നത്തിൽ കാണുന്നതൊന്നും ജീവിതമല്ല"

എന്ന് തിരിച്ചറിയുകയും ചെയ്തു.

*******************************************************

# 5.അവകാശികൾ

കവിത ജ്യോതിക ജ്യോതിഷ്



ആകാശപരവതാനിയിൽ പറന്നു-
നടക്കാൻ ആർക്കാണവകാശം?
കിളികൾക്കോ, അതോ
മനുഷ്യസ്വപ്നങ്ങൾക്കോ?
പാൽവെള്ളപോലുള്ള
ചന്ദ്രനെ നോക്കി നിൽക്കാൻ-
ആർക്കാണവകാശം?

പൊന്നിൻ നിറമുള്ള നക്ഷത്രങ്ങൾക്കോ?
അതോ രാത്രിയുടെ ഇരുട്ടിനോ?
കണ്ണാടിച്ചില്ലൊത്ത പുഴയ്ക്ക്...
ആർക്കാണവകാശം?
മീനുകൾക്കോ? അതോ,
പുഴയുടെ ജീവനെടുക്കുന്ന മനുഷ്യർക്കോ?

ആരാണ് ഈ ഭൂമിയുടെ
യഥാർത്ഥ അവകാശികൾ?
കിളികളോ, മനുഷ്യരോ,
അതോ കാട്ടുപൂക്കളോ?

************************************

## 6.അമ്മവൃക്ഷം

കവിത                                                                    ഷാനിബ സി.



അമ്മ എന്ന പ്രതിഭാസം
ഈ ഭൂമിയിൽ...
വില കൊടുക്കാൻ ആവാത്ത
സ്നേഹം...

മതിതീരാത്ത സ്നേഹം...
നിഴലായി തണലായി
കൂടെ എന്നും...

അമ്മ എന്ന വൻവൃക്ഷത്തിന്റെ
തണലിൽ...
ഞാൻ അഭയം പ്രാപിച്ച
കാലങ്ങളിൽ...
ഞാൻ അറിഞ്ഞില്ല ഈ
സ്നേഹത്തിന്റെ മാധുര്യം

കാലമെന്നിൽ അഹങ്കാരം...
എന്ന വിത്ത് പാകി...
അമ്മയെന്ന സ്നേഹവൃക്ഷത്തെ
എന്നിൽ പാഴ്ത്തടിയായി
ഉൾക്കൊണ്ടു...
അനാഥാലയങ്ങളും അഗതിമന്ദിരങ്ങളും
ഞാൻ തേടിനടന്നു.
അമ്മയെന്ന ആ പാഴ്ത്തടിയെ....
******************************

# 7.എന്റെ മഴ

കവിത

ശ്രീബാല റെജി





മഴ മഴ മഴ മഴ പെയ്യുന്നു

മാനത്തുനിന്നും പെയ്യുന്നു

കുട്ടികൾക്കെല്ലാം സന്തോഷം

കുട്ടികൾ ആർത്തുവിളിക്കുന്നു

മഴ മഴ മഴ മഴ പെയ്യുന്നു മയിലുകൾ

നൃത്തം വയ്ക്കുന്നു തവളകൾ

തുള്ളിച്ചാടുന്നു കിണറുകൾ,

പുഴകൾ തോടുകൾ നിറഞ്ഞൊഴുകുന്നു

മഴ മഴ മഴ മഴ പെയ്യുന്നു

മാനത്തുനിന്നും പെയ്യുന്നു.

**************************

## 8.ഗണിതക്കവിത

ലിയമോൾ

ലിജോ

ഒത്തിരി ഒത്തിരി ചൊല്ലാം'
ഒത്തിരി കാര്യങ്ങൾ ചൊല്ലാം
ഇത്തിരി രണ്ടിനുമുണ്ടേ
ഒത്തിരി കാര്യങ്ങൾ ചൊല്ലാം

ഇരട്ടയിലാദ്യനും രണ്ടേ
ഇരട്ടയിലഭാജ്യനും. രണ്ടേ
ഇരട്ട സംഖ്യകളെല്ലാം
ഈ രണ്ടിൻ ഗുണിതങ്ങളല്ലോ..

ഒന്നിനും മൂന്നിനും മദ്ധ്യേ
വന്നണയുന്നതിൽ സ്ഥാനം
ഘടകക്രിയകളിലാദ്യം
രണ്ടിനെ കൊണ്ടു തുടങ്ങാം

രണ്ടിൽ ഹരിച്ചാൽ പാതിയാകും
രണ്ടാൽ ഗുണിച്ചാൽ ഇരട്ടിയാകും .
രണ്ടിന്റെ ഇരട്ടി നാല് തന്നെ
രണ്ടിന്റെ വർഗ്ഗവും നാല് തന്നെ...

ഒന്നിന്റെ സ്ഥാനത്തെ അക്കം
രണ്ട് നാല് ആറ് എട്ട് പൂജ്യമായാൽ
സംഖ്യയെ രണ്ടാൽ ഹരിക്കാം
രണ്ടാൽ നിശ്ശേഷം ഹരിക്കാം."

**********************************



# നന്ദി .....

